**കേരള സർക്കാർ**

സംഗ്രഹം

പൂക്കോട് കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസിന്റെ ഡീനിന്റെ പേരിൽ വൈത്തിരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **943/2017/ധന.** തിരുവനന്തപുരം, തീയതി **06.02.2018**

---

പരാമർശം - 1. 23.12.2017 ലെ സ.ഉ. (പി) നം. 9568/2017/ധന

2. വെറ്ററിനറി സർവകലാശാല ഫിനാൻസ് ഓഫീസറുടെ 11.01.2018 ലെ കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു /എ.എഫ് ഒ 1/1400/2017 നമ്പരായുള്ള കത്ത്

**ഉത്തരവ്**

വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകൾക്കും ഫാം മേധാവികൾക്കും അതാത് ഓഫീസ് മേധാവികളുടെ പേരിൽ അതാത് ട്രഷറികളിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി സൂചന 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പൂക്കോട് കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസിന്റെ പേര് ഉൾപ്പെടുത്താൻ വിട്ടുപോയെന്നും, ഈ സാഹചര്യത്തിൽ പൂക്കോട് കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസിന്റെ ഡീനിന്റെ പേരിൽ വൈത്തിരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ ഫിനാൻസ് ഓഫീസർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, പൂക്കോട് കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസിന്റെ ഡീനിന്റെ പേരിൽ വൈത്തിരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട് 673 576.
സബ് ട്രഷറി ഓഫീസർ, വൈത്തിരി, വയനാട്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ